ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 18.10.2024** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1). **കർമ്മയോഗി സപ്താഹ് - ദേശീയ പഠനവാരത്തിന് പ്രധാനമന്ത്രി നരേന്ദ്രമോദി നാളെ ന്യൂഡൽഹിയിൽ തുടക്കം കുറിക്കും.**

**Prime Minister Narendra Modi will inaugurate the Karmayogi Saptah - National Study Week in New Delhi tomorrow.**

2) **സാമ്പ്രദായികമല്ലാത്ത പുതിയതരം യുദ്ധരീതികളാണ് പ്രതിരോധ മേഖല നേരിടുന്ന വെല്ലുവിളിയെന്ന് രാജ്യരക്ഷാമന്ത്രി രാജ് നാഥ് സിങ്ങ്.**

**Defence Minister Rajnath Singh today said that unconventional warfare has posed new challenges in the defence sector.**

3) **വികസിത ഭാരതം എന്ന ലക്ഷ്യം യുവ ശക്തിയിലൂടെ മാത്രമേ സാധ്യമാവൂ എന്ന് കേന്ദ്രസഹമന്ത്രി ജിതേന്ദ്ര സിങ്ങ്. മൻ കി ബാത് പരിപാടിയെ ആസ്പദമാക്കിയുള്ള മത്സരങ്ങളുടെ നാലാം സീസണ് കേന്ദ്രമന്ത്രി തിരുവനന്തപുരത്ത് തുടക്കം കുറിച്ചു.**

**MoS Jitendra Singh said that the role of youth power is important in achieving the goal of developed India. The Minister launched the fourth season of Mann Ki Baat based competitions in Thiruvananthapuram.**

4) **ഝാർഖണ്ഡ് നിയമസഭാ തിരഞ്ഞെടുപ്പിന്റെ ആദ്യഘട്ട വിജ്ഞാപനം തിരഞ്ഞെടുപ്പ് കമ്മീഷൻ പുറത്തിറക്കി.**

**The Election Commission has released the notification for the first phase of Jharkhand assembly elections.**

## 5) ഇന്ത്യ- ന്യൂസിലൻഡ് ടെസ്റ്റ് ക്രിക്കറ്റ് പരമ്പരയിലെ ഒന്നാം ഇന്നിങ്സിൽ മികച്ച പ്രകടനം കാഴ്ച വച്ച് ന്യൂസിലൻഡ്.

**In Cricket, New Zealand are currently leading by 330 runs in their first innings against Host India on the third day of the first Test match in Bengaluru.**

==============================================

## KARMAYOGI SAPTAH

കർമ്മയോഗി സപ്താഹ് -ദേശീയ പഠന വാരത്തിന് പ്രധാനമന്ത്രി നരേന്ദ്ര മോദി നാളെ ന്യൂഡൽഹിയിൽ തുടക്കം കുറിക്കും. കേന്ദ്ര സർക്കാർ സർവ്വീസിലേക്ക് പുതുതായി പ്രവേശിക്കുന്നവരുടെ കഴിവ് വികസിപ്പിക്കുകയാണ് പരിപാടിയുടെ ലക്ഷ്യം. 2020 സെപ്റ്റംബറിലാണ് കർമയോഗി ദൗത്യത്തിന് കേന്ദ്രസർക്കാർ തുടക്കം കുറിച്ചത്. ഇന്ത്യൻ സിവിൽ സർവീസിനെ ആഗോള കാഴ്ചപ്പാടുകൾക്ക് അധിഷ്ഠിതമായി ഭാവിയിലേക്ക് സന്നദ്ധമാക്കുകയാണ് പരിപാടിയുടെ ലക്ഷ്യം. കർമയോഗി സപ്താഹിലൂടെ നാല് മണിക്കൂർ നീളുന്ന നൈപുണ്യ പരിശീലനമാണ് ഓരോരുത്തർക്കും ഉറപ്പുവരുത്തുന്നത്. "ഒരു സർക്കാർ" എന്ന സന്ദേശം പ്രോത്സാഹിപ്പിക്കാനും ഇതിലൂടെ ലക്ഷ്യമിടുന്നു.

==============================================

## RAJNATH DRDO -(INTRO)

സാമ്പ്രദായികമല്ലാത്ത പുതിയതരം യുദ്ധരീതികളാണ് പ്രതിരോധ മേഖല നേരിടുന്ന വെല്ലുവിളിയെന്ന് രാജ്യരക്ഷാമന്ത്രി രാജ് നാഥ് സിങ്. ഡ്രോണുകൾ, സൈബർ ആക്രമണങ്ങൾ, ജൈവ ആയുധങ്ങൾ എന്നിവ സാങ്കേതിക വിദ്യയുടെ മുന്നേറ്റത്തെ തുടർന്ന് പുതിയതായി രൂപംകൊണ്ട വെല്ലുവിളികളാണെന്നും ന്യൂഡൽഹിയിൽ ഡെയർ ടു ഡ്രീം 5.0 ഇനവേഷൻ മത്സരം ഉദ്ഘാടനം ചെയ്തുകൊണ്ട് അദ്ദേഹം പറഞ്ഞു.

സാങ്കേതിക വിദ്യയുടെ മുന്നേറ്റം യുദ്ധോപകരണങ്ങളിലും വലിയ രീതിയിലുള്ള മാറ്റങ്ങൾ സൃഷ്ടിച്ചു. പ്രതിരോധ മേഖലയിൽ ഗവേഷണ വികസന പ്രവർത്തനങ്ങളുടെ പ്രാധാന്യം വർദ്ധിച്ചു വരികയാണെന്നും, നൂതന സാങ്കേതിക വിദ്യകൾ രാജ്യരക്ഷയ്ക്കായി പ്രയോജനപ്പെടുത്താൻ കേന്ദ്ര സർക്കാർ പ്രതിജ്ഞാബദ്ധമാണെന്നും അദ്ദേഹം വ്യക്തമാക്കി.

**(HOLD VOICE……………)**

==========================================

**PRESIDENT MALAWI**

ത്രിരാഷ്ട്ര പര്യടനം തുടരുന്ന രാഷ്ട്രപതി ദ്രൗപദി മുർമു, മലാവി പ്രസിഡൻറ് ലാസറസ് ചക്‌വേരയുമായി ഇന്ന് ഉഭയകക്ഷി ചർച്ചകൾ നടത്തും. മലാവി സന്ദർശനത്തിൻറെ രണ്ടാം ദിവസമായ ഇന്ന് വിവിധ വിഷയങ്ങളിൽ നടക്കുന്ന പ്രതിനിധിതല യോഗങ്ങളിലും രാഷ്ട്രപതി പങ്കെടുക്കും. മലാവിയിലെ ഇന്ത്യൻ പ്രവാസി സമൂഹവുമായും ശ്രീമതി മുർമു സംവദിച്ചിരുന്നു. വികസിത ഭാരതം കെട്ടിപ്പടുക്കുന്നതിൽ സജീവ പങ്കാളികളാകാൻ രാഷ്ട്രപതി ഇന്ത്യൻ സമൂഹത്തോട് ആഹ്വാനം ചെയ്തു. മലാവിയിലെ നാഷണൽ വാർ മെമ്മോറിയലും മൊസോളിയവും രാഷ്ട്രപതി സന്ദർശിക്കും. അൾജീരിയ, മൗറിറ്റാനിയ പര്യടനം വിജയകരമായി പൂർത്തിയാക്കിയാണ് ശ്രീമതി മുർമു ഇന്നലെ മലാവിയിൽ എത്തിയത്.

==========================================

**JITHENDRA SINGH –MANN KI BAAT – (INTRO)**

ഇന്ത്യൻ യുവശക്തിയുടെ കഴിവ് ലോകം അംഗീകരിച്ചതായും, യുവജനങ്ങളുടെ ആത്മവിശ്വാസം ഇതിലൂടെ വർദ്ധിച്ചതായും കേന്ദ്ര സഹമന്ത്രി ജിതേന്ദ്ര സിങ്ങ്.

വികസിത ഭാരതം എന്ന ലക്ഷ്യം യുവ ശക്തിയിലൂടെ മാത്രമേ സാധ്യമാവൂ എന്നും അദ്ദേഹം തിരുവനന്തപുരത്ത് പറഞ്ഞു. പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ മൻ കി ബാത് പരിപാടിയെ ആസ്പദമാക്കി നെഹ്റു യുവ കേന്ദ്ര സംഘടിപ്പിക്കുന്ന ക്വിസ് - പ്രഭാഷണ മത്സരങ്ങളുടെ നാലാം സീസൺ ഉദ്ഘാടനം ചെയ്യുകയായിരുന്നു കേന്ദ്രസഹമന്ത്രി. കഴിഞ്ഞ 10 വർഷത്തിനിടെ നരേന്ദ്ര മോദി സർക്കാർ രാജ്യത്തെ യുവജനങ്ങളെ ശാക്തീകരിച്ചതായും അന്തസോടെ ജീവിക്കാനുള്ള അവസരം ഉറപ്പുവരുത്തിയതായും അദ്ദേഹം വ്യക്തമാക്കി.

**(ഹോൾഡ്.......)**

മൻ കി ബാത് കഴിഞ്ഞ സീസണിൽ താലൂക്ക് തല മത്സരത്തിൽ പങ്കെടുത്തവർക്കുള്ള സർട്ടിഫിക്കറ്റുകൾ ചടങ്ങിൽ കേന്ദ്ര സഹമന്ത്രി വിതരണം ചെയ്തു. കാര്യവട്ടം LNCPE യിൽ നടന്ന പരിപാടിയിൽ മുൻകേന്ദ്ര മന്ത്രിയും ബി ജെ പി നേതാവുമായ വി മുരളീധരൻ, ഉൾപ്പെടെയുള്ള പ്രമുഖർ പങ്കെടുത്തു.

==================================================

## DAY JHARKHAND- NOTIFICATION

ഝാർഖണ്ഡ് നിയമസഭാ തിരഞ്ഞെടുപ്പിന്റെ ആദ്യഘട്ട വിജ്ഞാപനം തിരഞ്ഞെടുപ്പ് കമ്മീഷൻ പുറത്തിറക്കി. നവംബർ 13 ന് 43 മണ്ഡലങ്ങളിലാണ് ആദ്യ ഘട്ടത്തിൽ വോട്ടെടുപ്പ് നടക്കുക. നാമനിർദേശ പത്രിക സമർപ്പിക്കാനുള്ള അവസാന തീയതി ഈ മാസം 25 ആണ്. ഓൺലൈനായി പത്രിക സമർപ്പിക്കാനുള്ള സംവിധാനവും ഇതാദ്യമായി തിരഞ്ഞെടുപ്പ് കമ്മീഷൻ ലഭ്യമാക്കിയിട്ടുണ്ട്. നാമനിർദ്ദേശ പത്രികകളുടെ സൂക്ഷ്മപരിശോധന 28-ന് നടക്കും. സ്ഥാനാർത്ഥിത്വം പിൻവലിക്കാനുള്ള അവസാന തീയതി ഈ മാസം 30 ആണ്.

രണ്ടാംഘട്ട വോട്ടെടുപ്പ് നവംബർ 20 -നും വോട്ടെണ്ണൽ നവംബർ 23 -നും നടക്കും.

==========================================

**ബ്രേക്ക്........**

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്....

==========================================

**HIGHCOURT**

കഴിഞ്ഞ രണ്ട് സാമ്പത്തിക വർഷം സംസ്ഥാനത്തിന് 782 കോടി രൂപ കേന്ദ്ര ദുരിതാശ്വാസ നിധിയിൽ നിന്ന് അനുവദിച്ചതായി കേന്ദ്ര സർക്കാർ ഹൈക്കോടതിയെ അറിയിച്ചു. വയനാട് ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ സ്വമേധയാ എടുത്ത കേസ് പരിഗണിക്കുകയായിരുന്നു ജസ്റ്റിസ് എ കെ ജയശങ്കരൻ നമ്പ്യാർ അധ്യക്ഷനായ ഡിവിഷൻ ബെഞ്ച്. അടിയന്തരമായി പണം അനുവദിക്കാനുള്ള നടപടികൾ നടന്നു വരികയാണെന്ന് കേന്ദ്ര ഗവൺമെൻറ് കോടതിയെ അറിയിച്ചു. എന്നാൽ വയനാട് ദുരന്തവുമായി ബന്ധപ്പെട്ട് പ്രത്യേക ഫണ്ട് കേന്ദ്ര ഗവൺമെന്റ് അനുവദിച്ചിട്ടില്ലെന്ന് കേരളം കോടതിയിൽ വ്യക്തമാക്കി.

==========================================

**NAVEEN BABU**

കണ്ണൂർ എ. ഡി. എം, . കെ നവീൻ ബാബുവിന്റെ മരണവുമായി ബന്ധപ്പെട്ട് കണ്ണൂർ ജില്ലാ കളക്ടറിൽ നിന്ന് അന്വേഷണ സംഘം ഇന്ന് മൊഴി രേഖപ്പെടുത്തും. ജില്ലാ കളക്ടറുടെ സാന്നിധ്യത്തിൽ നടന്ന യാത്രയയപ്പ് ചടങ്ങിൽ വച്ചായിരുന്നു ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് പി.പി. ദിവ്യ എ.ഡി. എമ്മിന് എതിരെ പരാമർശം നടത്തിയത്. പിറ്റേദിവസം രാവിലെയാണ് എഡിഎമ്മിനെ താമസസ്ഥലത്ത് മരിച്ച നിലയിൽ കണ്ടെത്തിയത്.

ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് സ്ഥാനം രാജിവെച്ച പി.പി ദിവ്യ ഹൈക്കോടതിയിൽ മുൻകൂർ ജാമ്യ ഹർജി സമർപ്പിക്കുമെന്നാണ് വിവരം. പ്രസിഡന്റ് സ്ഥാനത്തേക്ക് പരിയാരം ഡിവിഷനിൽ നിന്നുള്ള കെ.കെ.രത്നകുമാരിയെ നിയോഗിക്കാൻ സി.പി. ഐ.എം. ജില്ലാ സെക്രട്ടേറിയറ്റ് ഇന്നലെ തീരുമാനിച്ചിരുന്നു.

==========================================

**SMOG-DELHI**

ശൈത്യകാലം ആരംഭിക്കാനിരിക്കേ, ഡൽഹിയിലെ വായുമലിനീകരണം മോശം വിഭാഗത്തിലെത്തിലെത്തിയതായി കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡ്. വായുഗുണനിലവാര സൂചികയിൽ ഇന്ന് രാവിലെ 292 രേഖപ്പെടുത്തിയതായും ബോർഡ് അറിയിച്ചു. പുകമഞ്ഞും രൂപപ്പെട്ടിട്ടുണ്ട്. ഈ പശ്ചാത്തലത്തിൽ ഡൽഹി പരിസ്ഥിതി വകുപ്പ് ഇന്ന് അടിയന്തര യോഗം ചേരുന്നുണ്ട്. വായുമലിനീകരണം രൂക്ഷമായ 13 ഇടങ്ങളിൽ പ്രത്യേക ക്യാമ്പയിൻ സംഘടിപ്പിക്കുമെന്നും വകുപ്പ് അറിയിച്ചു.

==========================================

**JK LG s - MEETING**

ജമ്മു കശ്മീർ ലഫ്റ്റനന്റ് ഗവർണർ മനോജ് സിൻഹ ഇന്നലെ ഭീകരാക്രമണത്തിന് ഇരയായവരുടെ കുടുംബാംഗങ്ങളുമായി ശ്രീനഗർ രാജ്ഭവനിൽ കൂടിക്കാഴ്ച നടത്തി. ദീർഘകാല പ്രശ്നങ്ങൾ കുടുംബാംഗങ്ങൾ ഗവർണർക്ക് മുന്നിൽ അവതരിപ്പിക്കുകയും പരിഹാരത്തിനായി ഇടപെടൽ ആവശ്യപ്പെടുകയും ചെയ്തു. എല്ലാ പിന്തുണയും സഹായവും ലഫ്റ്റനന്റ് ഗവർണർ കൂടിക്കാഴ്ചയിൽ ഉറപ്പുനൽകി.

==========================================

## RAILWAYS - TICKETING

മുൻകൂറായി ട്രെയിൻ ടിക്കറ്റ് ബുക്ക് ചെയ്യുന്ന കാലയളവ് പകുതിയാക്കി കുറച്ച് ഇന്ത്യൻ റെയിൽവേ. യാത്രക്കാർക്ക് 120 ന് പകരം 60 ദിവസങ്ങൾക്ക് മുൻപ് മാത്രമാണ് നവംബർ ഒന്ന് മുതൽ ടിക്കറ്റ് റിസർവ് ചെയ്യാൻ സാധിക്കുക. അതേസമയം വിദേശ വിനോദസഞ്ചാരികൾക്ക്, മുൻകൂർ ബുക്കിംഗിന്റെ സമയ പരിധി 365 ദിവസമായി തുടരും.

==============================================

## RAIN KERALA

സംസ്ഥാനത്ത് തിങ്കളാഴ്ച വരെ ഇടിമിന്നലോട് കൂടിയ ഒറ്റപ്പെട്ട മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. കള്ളക്കടൽ പ്രതിഭാസത്തിന് സാധ്യതയുള്ളതിനാൽ സംസ്ഥാനത്തെ എല്ലാ തീരദേശ ജില്ലകളിലും ദേശീയ സമുദ്രസ്ഥിതിപഠന ഗവേഷണ കേന്ദ്രം ഓറഞ്ച് ജാഗ്രത പ്രഖ്യാപിച്ചു. കന്യാകുമാരി തീരത്തും ജാഗ്രതാ നിർദ്ദേശമുണ്ട്. കേരള - ലക്ഷദ്വീപ് - കർണാടക തീരങ്ങളിൽ ഇന്ന് മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തി.

==============================================

## CRICKET IND - NZ

ഇന്ത്യ- ന്യൂസിലൻഡ് ടെസ്റ്റ് ക്രിക്കറ്റ് പരമ്പരയിലെ ഒന്നാം ഇന്നിങ്സിൽ 376 റൺസിൻറെ ഉജ്വല സ്കോറുമായി ന്യൂസിലൻഡ്. മത്സരത്തിൻറെ മൂന്നാം ദിനമായ ഇന്ന് 8 വിക്കറ്റ് നഷ്ടത്തിലാണ് ന്യൂസിലൻഡ് മികച്ച പ്രകടനം കാഴ്ച വച്ചത്. ആതിഥേയരായ ഇന്ത്യയ്ക്ക് ഒന്നാം ഇന്നിങ്സിൽ 46 റൺസ് മാത്രമാണ് നേടാനായത്. ന്യൂസിലൻഡ് നിലവിൽ 330 റൺസിൻറെ ഒന്നാം ഇന്നിങ്സ് ലീഡ് നേടിയിട്ടുണ്ട്.

==============================================

## SINDHU-DENMARK OPEN

ഡെൻമാർക്ക് ഓപ്പൺ ബാഡ്മിന്റൺ വനിതാ സിംഗിൾസ് ക്വാർട്ടർ ഫൈനലിൽ ഇന്ത്യയുടെ പി വി സിന്ധു ഇന്ന് ഇന്തോനേഷ്യയുടെ ഗ്രിഗോറിയ മരിസ്ക്കാ തുൻജുംഗുമായി ഏറ്റുമുട്ടും. വൈകുന്നേരം 4.10-നാണ് മത്സരം. ചൈനയുടെ ഹാൻ യുവയെ പരാജയപ്പെടുത്തിയാണ് രണ്ടു തവണ ഒളിമ്പിക് മെഡൽ ജേതാവായ സിന്ധു ക്വാർട്ടർ ഫൈനലിലേക്ക് പ്രവേശിച്ചത്.

==============================================

## ECB-TRANS CRIC BAN

ട്രാൻസ്ജെൻഡർ സ്ത്രീകളെ വനിതാ കൗണ്ടി മത്സരത്തിൻ്റെ ടയർ 1, 2 എന്നിവയിൽ നിന്ന് ഒഴിവാക്കുമെന്ന് ഇംഗ്ലണ്ട് ക്രിക്കറ്റ് ബോർഡ്. ട്രാൻസ്ജെൻഡർ പങ്കാളിത്തം സംബന്ധിച്ച അന്താരാഷ്ട്ര ക്രിക്കറ്റ് കൗൺസിലിന്റെ 2023 ലെ നയത്തിന് അനുസൃതമായാണ് തീരുമാനം.

==============================================

## MAURITIUS – LOC

ജല പൈപ്പ് ലൈൻ പദ്ധതികൾക്കായി മൗറീഷ്യസ് സർക്കാരിന് 487 കോടി രൂപ ധനസഹായം നൽകി ഇന്ത്യ. വികസന സാമ്പത്തിക സഹായ പദ്ധതിക്കു കീഴിൽ പദ്ധതി നിർവഹണത്തിനായി ഇന്ത്യൻ രൂപയിൽ രാജ്യം നൽകുന്ന ആദ്യ സഹായ പദ്ധതിയാണ് ഇത്.

==============================================

**NAVY**

നാവിക വാരാഘോഷത്തിന്റെ ഭാഗമായി നടക്കുന്ന കൊച്ചി നേവി മാരത്തോണിന്റെ അഞ്ചാം പതിപ്പ് ഡിസംബർ 15-ന് നടക്കും. 21, 10, 5 കിലോമീറ്റർ വിഭാഗങ്ങളിലാണ് മാരത്തോൺ സംഘടിപ്പിക്കുന്നത്. ഇതിനുള്ള രജിസ്ട്രേഷൻ കൊച്ചി നേവി മാരത്തോണിന്റെ വെബ്സൈറ്റിൽ ആരംഭിച്ചിട്ടുണ്ട്.

=============

============================

=============================================